## ഹൈദറലി ശാന്തപുരം

# ഹദീസ് വിജ്ഞാനീയം

**ഇസ്‌ലാമിക** വിജ്ഞാന മണ്ഡലത്തിൽ സുപ്രധാന സ്ഥാനമലങ്കരിക്കുന്നതാണ് ഹദീസ് വിജ്ഞാനീയം അഥവാ ഉലൂമുൽ ഹദീസ്. ഇതിന് ഉസ്വൂലുൽ ഹദീസ്(ഹദീസ് നിദാന തത്വങ്ങൾ) എന്നും മുസ്ത്വലഹുൽ ഹദീസ് (ഹദീസ് സാങ്കേതിക ശാസ്ത്രം) എന്നും പറയാറുണ്ട്. മൂന്നും ഒന്നുതന്നെയാണ്.

പ്രവാചകചര്യയുടെ നിവേദനം, ക്രോഡീകരണം, പ്രാമാണികത എന്നിവയുമായി ബന്ധപ്പെട്ട വിജ്ഞാന ശാഖയാണിത്. പ്രവാചകചര്യയാണ് ഹദീസ് വിജ്ഞാനീയത്തിലെ പ്രധാന ചർച്ചാ വിഷയമെങ്കിലും പ്രവാചകന്റെ അനുയായികളുമായും അവരുടെ ശിഷ്യഗണങ്ങളുമായും ബന്ധപ്പെട്ട കാര്യങ്ങളും ഇതിന്റെ പരിധിയിൽ വരുന്നതാണ്.

### ഉത്ഭവം, വളർച്ച

ഇസ്‌ലാമിക സമൂഹത്തിൽ ഹദീസ് നിവേദനം ആരംഭിച്ച കാലം മുതൽ തന്നെ ഹദീസ് നിദാന ശാസ്ത്രത്തിനും തുടക്കം കുറിച്ചിട്ടുണ്ട്. പ്രവാചകന്റെ വിയോഗത്തോടെ മുസ്‌ലിംകൾ ഹദീസിൽ കൂടുതൽ ശ്രദ്ധിച്ചു. കാലാന്തരത്തിൽ നഷ്ടപ്പെട്ടുപോയേക്കുമോ എന്ന ആശങ്കയാൽ അവർ ഹദീസുകൾ ഹൃദിസ്ഥമാക്കുന്നതിലും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും നിവേദനം ചെയ്യുന്നതിലും പ്രചരിപ്പിക്കുന്നതിലും പൂർവാധികം ഉത്സുകരായി. ഹദീസ് രേഖപ്പെടുത്തുന്നതിനും നിവേദനം ചെയ്യുന്നതിനും ചില അടിസ്ഥാന തത്വങ്ങൾ അതോടെ ആവശ്യമായി വന്നു. നിവേദനം ചെയ്യപ്പെടുന്ന ഹദീസുകൾ വിശ്വാസയോഗ്യമാണോ അല്ലേ എന്നറിയാൻ വ്യക്തമായ മാനദണ്ഡം വേണ്ടിയിരുന്നു. അതിനാൽ ഹദീസ് നിവേദനവും ക്രോഡീകരണവും ആരംഭിച്ചതിന് സമാന്തരമായി ഹദീസ് വിജ്ഞാനീയവും വളർന്നുവന്നു.

പ്രവാചക ശിഷ്യന്മാരായ സ്വഹാബികളും അവരെ അനുധാവനം ചെയ്ത താബിഉകളും അവർക്ക് ശേഷംവന്ന താബിഉത്താബിഈകളും ഹദീസുകൾ സ്വീകരിക്കുന്നതിന് ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നുവെങ്കിലും അവയിൽ അധിക കാര്യങ്ങളും രേഖ



പ്പെടുത്തുകയോ വിശദമാക്കുകയോ ചെയ്തിരുന്നില്ല. പിന്നീട് വന്ന പണ്ഡിതന്മാരാണ് ഹദീസ് സ്വീകരിക്കുന്നതിനും തിരസ്കരിക്കുന്നതിനും മുൻഗാമികൾ അംഗീകരിച്ച മാനദണ്ഡങ്ങളിൽനിന്ന് ചില അടിസ്ഥാനതത്ത്വങ്ങൾ കണ്ടെത്തിയത്. അതുപോലെ നിവേദനത്തിന്റെ ഉപാധികളും മാർഗങ്ങളും നിവേദകരുടെ വിശ്വാസ്യതയുടെയും അവിശ്വാസ്യതയുടെയും നിദാനങ്ങളും അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അവർ നിരീക്ഷിച്ച് കണ്ടെത്തുകയാണ് ചെയ്തത്.

ചുരുക്കത്തിൽ, ഹദീസ് നിവേദനത്തിന്റെ അനിവാര്യതയായി ആവിർഭവിച്ച വിജ്ഞാനശാഖയാണ് ഉലൂമുൽ ഹദീസ്. ഈ വിജ്ഞാനശാഖ കാലാന്തരത്തിൽ വളർന്ന് പൂർണത പ്രാപിക്കുകയും ഇസ്‌ലാമിക വിജ്ഞാനീയങ്ങൾക്കിടയിൽ സവിശേഷസ്ഥാനം നേടുകയും ചെയ്തു.

### ശാഖകൾ

ഹദീസ് വിജ്ഞാനീയത്തിന് സുപ്രധാനമായ രണ്ട് ശാഖകളുണ്ട്:

ഒന്ന്: ഹദീസിന്റെ പാഠ(Text)വുമായി ബന്ധപ്പെട്ടത്. 'ദിറായ' എന്നാണ് ഇതിന്റെ സാങ്കേതിക നാമം. നബി(സ)യുടെ വാക്ക്, പ്രവൃത്തി, സമ്മതം, പ്രകൃതിപരമോ സ്വഭാവപരമോ ആയ ഗുണങ്ങൾ എന്നിവ നിവേദനം ചെയ്യുമ്പോൾ പാലിക്കേണ്ട സൂക്ഷ്മതയും അവധാനതയുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇതുവഴി പ്രവാചകചര്യയെ സുരക്ഷിതമായി സൂക്ഷിച്ചുവെക്കുവാനും പ്രവാചകന്റേതായി ഉദ്ധരിക്കപ്പെടുന്ന കാര്യങ്ങൾ അബദ്ധങ്ങളിൽനിന്ന് മുക്തമാക്കുവാനും സാധിക്കുന്നു. അങ്ങനെ നബി(സ)യുടെ ഉത്തമ ചര്യകൾ യഥാതഥം അനുധാവനം ചെയ്യുവാനും വിധിവിലക്കുകൾ പ്രാവർത്തികമാക്കുവാനും കഴിയുന്നു.

രണ്ട്: ഹദീസിന്റെ നിവേദനവുമായി ബന്ധപ്പെട്ടത്. രിവായ എന്നാണിതിന് പറയുക. ഹദീസ് നിവേദകരുടെ ഗുണനിലവാരം, നിവേദനം ചെയ്യപ്പെട്ട ഹദീസിന്റെ സ്വീകാര്യത, അസ്വീകാര്യത തുടങ്ങിയവയെ സംബന്ധിക്കുന്ന വിജ്ഞാനശാഖയാണിത്. ഹദീസ് പണ്ഡിതനായ ഇബ്നുൽ അൽഫാനി(മരണം ഹി.405) പറയുന്നു: "നിവേദനത്തിന്റെ അടിസ്ഥാനം, നിയമങ്ങൾ, നിവേദകരുടെ അവസ്ഥ, ഉപാധികൾ, നിവേദിതങ്ങളുടെ ഇനങ്ങൾ, അനുബന്ധ കാര്യങ്ങൾ എന്നിവ ഗ്രഹിക്കാൻ സഹായകമായതാണ് രിവായത് സംബന്ധമായ ഹദീസ് വിജ്ഞാനീയം." മറ്റൊരഭിപ്രായമനുസരിച്ച്: "*സനദി*ന്റെയും *മത്നി*ന്റെയും(നിവേദനപരമ്പരയുടെയും നിവേദിതത്തിന്റെയും) അവസ്ഥകൾ മനസ്സിലാക്കാൻ സഹായകമായ അടിസ്ഥാന നിയമങ്ങൾ സംബന്ധിച്ച വിജ്ഞാനീയമാണത്." ഒരു ഹദീസിന്റെ സ്വീകാര്യതയും അസ്വീകാര്യതയും മനസ്സിലാക്കാൻ സഹായകമായ നിയമങ്ങളുടെയും ഉപാധികളുടെയും സമുച്ചയം എന്ന് ഈ ശാഖയെ വിശേഷിപ്പിക്കാം. ഹദീസ് റിപ്പോർട്ട് ചെയ്യുന്ന ആളുകൾക്കാണ് നിവേദകർ (റാവി) എന്ന് പറയുന്നത്. നബി(സ)യിലേക്കോ സ്വഹാബിമാരിലേക്കോ താബിഉകളിലേക്കോ ചേർത്തുപറയുന്നവ(വചനം, പ്രവൃത്തി, സമ്മതം) ആണ് നിവേദിതം (മത്ൻ).

'നിവേദകരുടെ അവസ്ഥ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നിവേദകർ സ്വീകാര്യരോ അസ്വീകാര്യരോ എന്നതാണ്.




നിവേദകരെ സംബന്ധിച്ച ചർച്ചയിൽ നിവേദകർ ഉദ്ധരിക്കുന്ന ഹദീസ് ആരിൽനിന്ന് എപ്പോൾ എങ്ങനെ ലഭിച്ചു, ആർക്ക് എപ്പോൾ എങ്ങനെ പകർന്നു കൊടുത്തു എന്നീ ചോദ്യങ്ങളും നിവേദകന്റെ നാട്, കുടുംബ പശ്ചാത്തലം, കൊള്ളാവുന്നവനോ തള്ളേണ്ടവനോ, ജനി-മൃതികൾ എന്നീകാര്യങ്ങളുമാണ് അന്വേഷണവിധേയമാക്കുക.

'നിവേദിതത്തിന്റെ അവസ്ഥ'കൊണ്ടുദ്ദേശിക്കുന്നത് നിവേദന പരമ്പര ആദ്യാവസാനം വിടവില്ലാതെ നിലനിൽക്കുന്നോ അതോ ഇടയ്ക്ക് കണ്ണികൾ മുറിഞ്ഞുപോയിട്ടുണ്ടോ എന്നും ഹദീസിന് വല്ല ന്യൂനതയും ഉണ്ടോ എന്നുമാണ്.

### പ്രധാന വിഷയങ്ങൾ

ഈ വിജ്ഞാനശാഖയിൽ ധാരാളം വിഷയങ്ങൾ ഉൾപ്പെടുന്നു. ഇമാം ഹാകിമിന്റെ 'ഹദീസ് വിജ്ഞാനീയത്തെ അറിയുക' (കിതാബു മഅ്‌രിഫതി ഉലൂമിൽ ഹദീസ്) എന്ന ഗ്രന്ഥത്തിൽ ഹദീസ് വിജ്ഞാനശാഖയുടെ അൻപത്തിരണ്ട് ഇനങ്ങൾ പറഞ്ഞിട്ടുണ്ട്. ഇമാം സുയൂത്വി പറയുന്നു: "ഹദീസ് വിജ്ഞാനശാഖയുടെ ഇനങ്ങൾ എണ്ണാൻ സാധിക്കാത്തത്ര കൂടുതലാണ്." ഇമാം അബൂബക്ർ മുഹമ്മദുബ്നു മൂസാ അൽ ഹാസിമി പറഞ്ഞു: "ഉലൂമുൽ ഹദീസിൽ നൂറോളം ഇനങ്ങളുണ്ട്. അതിൽ ഓരോ ഇനവും ഓരോ സ്വതന്ത്രവിജ്ഞാനീയമാണ്. ഒരു വിദ്യാർഥി തന്റെ ആയുസ്സ് മുഴുവൻ വിനിയോഗിച്ചാലും അതിന്റെ അറ്റം കണ്ടെത്താൻ സാധ്യമാവുകയില്ല." ഇമാം അബൂഅംറ് ഉസ്മാനുബ്നു അബ്ദിർറഹ്‌മാൻ അശ്ശഹ്റസൂരി(ഇബ്നുസ്സ്വലാഹ്) തന്റെ 'മുഖദ്ദിമതു ഇബ്നിസ്സ്വലാഹ് ഫീ ഉലൂമിൽ ഹദീസ്' എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ഹദീസ് വിജ്ഞാനശാഖയുടെ അറുപത്തിയഞ്ച് ഇനങ്ങൾ പറഞ്ഞിട്ടുണ്ട്.

ഈ ഇനങ്ങളിൽ വരുന്ന പ്രധാന വിഷയങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

ഒന്ന്: ഹദീസിന്റെ സ്വഹീഹ്, ഹസൻ, ദഈഫ് എന്നീ അവസ്ഥകൾ.

രണ്ട്: ദുർബലമായ ഹദീസിന്റെ മുള്‌തരബ്, മുഅ്‌ള്ൽ, മുൻഖതിഅ് മുതലായ ഇനങ്ങൾ.

മൂന്ന്: ഹദീസ് കേൾക്കാനുള്ള പ്രായം.

നാല്: ഹദീസ് സ്വീകരിക്കുന്നതിനും കൈമാറുന്നതിനുമുള്ള മാർഗങ്ങൾ.

അഞ്ച്: ഹദീസ് നിവേദകരുടെ സ്വീകാര്യതയും അസ്വീകാര്യതയും സംബന്ധിച്ച പ്രശ്നങ്ങൾ.

ആറ്: നിവേദകരുടെ സ്വീകാര്യതയും അസ്വീകാര്യതയും നിർണയിക്കുന്നതിനുള്ള ഉപാധികൾ.

ഏഴ്: നിവേദകരെയും അവരുടെ നാടുകളെയും സംബന്ധിച്ച അറിവ്.

എട്ട്: നിവേദകരിൽ വിശ്വസ്തരെയും അല്ലാത്തവരെയും തിരിച്ചറിയൽ.

### പ്രധാനഗ്രന്ഥങ്ങൾ

ഹദീസ് വിജ്ഞാനശാഖയുടെ വിവിധ ഇനങ്ങളിൽ ധാരാളം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. സുപ്രധാനമായവ താഴെ കൊടുക്കുന്നു:

(i). നിവേദകരുടെ യോഗ്യതയും അയോഗ്യതയും പ്രതിപാദിക്കുന്ന വിജ്ഞാനശാഖ (ഇൽമുൽ ജർഹി വത്തഅ്ദീൽ). ഹദീസ് ഉദ്ധരിക്കുന്നവ

രുടെ ജീവിതം വിശകലനം ചെയ്ത് അവരുടെ ഗുണദോഷങ്ങൾ ചർച്ചചെയ്യുന്ന ശാഖയാണിത്. നിവേദകരുടെ നല്ലതും ചീത്തയുമായ ഏതു ഗുണവും ഈ ചർച്ചയിൽ വരും. അതുവഴി അവരുടെ സ്വീകാര്യതയും അസ്വീകാര്യതയും തീരുമാനിക്കപ്പെടും.

ഈ വിഷയത്തിൽ വിരചിതമായ ചില പ്രധാന ഗ്രന്ഥങ്ങൾ:

1) മഅ്രിഫതുർരിജാൽ (ഇമാം യഹ്യബ്നു മുഈൻ മരണം ഹി: 233)

2) അള്ളുഅഫാഅ് (ഇമാം ബുഖാരി, മ. ഹി: 256)

3) കിതാബുള്ളുഅഫാഅ് വൽമത്റൂകീൻ (അഹ്മദ് അന്നസാഈ, മ. ഹി: 303)

4) അൽജുർഹു വത്തഅ്ദീൽ (അബ്ദുർറഹ്മാൻ റാസി, മ. ഹി: 327)

5) അൽകാമിൽ ഫീ മഅ്രിഫതി ളുഅഫാഇൽ മുഹദ്ദിസീൻ (അബ്ദുല്ലാ ജുർജാനി, മ.ഹി: 365)

6) മീസാനുൽ ഇഅ്തിദാൽ (ശംസുദ്ദീൻ ദഹബി, മ. ഹി: 748)

(ii) ഹദീസ് നിവേദകന്മാരെ സംബന്ധിച്ചുള്ള വിജ്ഞാനശാഖ (ഇൽമു രിജാലിൽ ഹദീസ്). ഹദീസ് നിവേദകന്മാർ എന്ന നിലയിൽ അവരെ മനസ്സിലാക്കാൻ പറ്റുന്ന വിജ്ഞാനശാഖയാണിത്.

ആദ്യമായി ഈ വിജ്ഞാനശാഖയിൽ ശ്രദ്ധ പതിപ്പിച്ചത് ഇമാം ബുഖാരി (മ.ഹി: 256) ആണ്. ഇമാം മുഹമ്മദുബ്നു സഅ്ദി (മ.ഹി: 230)ന്റെ അത്ത്വബഖാത്തുൽ കുബ്റാ എന്ന ഗ്രന്ഥത്തിലും ഈ വിഷയകമായ ചർച്ച കാണാം.

ഹിജ്റ ഏഴാം നൂറ്റാണ്ടിൽ ഇമാം ഇസ്സുദ്ദീനിബ്നു അഥീർ (മ.ഹി: 630) ഉസ്ദുൽഗാബ ഫീ അസ്മാഇസ്സ്വഹാബ എന്ന ഗ്രന്ഥം രചിക്കുകയുണ്ടായി.

ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(മ.ഹി: 852)യുടേതാണ് അൽ ഇസ്വാബതു ഫീ തമ്മീസിസ്സഹാബ: എന്ന കൃതി. പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യൻ ഇമാം സുയൂത്വി (മ. ഹി: 911) അതിനെ ഐനുൽ ഇസ്വാബ എന്ന പേരിൽ സംഗ്രഹിച്ചു.

(iii). പ്രഥമ ദൃഷ്ട്യാ പരസ്പര വിരുദ്ധമെന്ന് തോന്നുമെങ്കിലും പരസ്പരം സംയോജിപ്പിക്കാവുന്ന ഹദീസുകളെക്കുറിച്ച് ചർച്ച ചെയ്യുന്ന വിജ്ഞാനശാഖ (ഇൽമു മുഖ്തലഫിൽ ഹദീസ്).

ഈ വിഷയകമായി രചിക്കപ്പെട്ട പ്രധാന ഗ്രന്ഥങ്ങൾ. ഇഖ്തിലാഫുൽ ഹദീസ്(ഇമാം ശാഫിഈ, മ.ഹി: 204). തഅ്വീലു മുഖ്തലഫിൽ ഹദീസ് (അബ്ദുല്ലാ അദ്ദൈനൂരി, മ.ഹി: 276). അൽ അൻസ്വാരി (ഇസ്ബഹാനി, മ.ഹി: 406) എന്നിവയാണ്.

(iv). ഹദീസിന്റെ സാധുതയെ ബാധിക്കുന്ന ന്യൂനതകൾ ചർച്ച ചെയ്യുന്ന വിജ്ഞാനശാഖ (ഇൽമു ഇലലിൽ ഹദീസ്).

ഈ വിഷയത്തിലുള്ള ഏതാനും ഗ്രന്ഥങ്ങൾ:

1) അത്താരീഖു വൽ ഇലൽ (യഹ്യബ്നു മുഈൻ, മ.ഹി: 233)

2) ഇലലുൽഹദീസ് (അഹ്മദുബ്നു ഹമ്പൽ, മ.ഹി: 241)

3) അൽ ഇലൽ (മുഹമ്മദുബ്നു ഈസ തിർമിദി, മ.ഹി: 279)

4) ഇലലുൽ ഹദീസ് (അബ്ദുർറഹ്മാൻ റാസി, മ.ഹി: 327)

(v). ഹദീസുകളിൽ പരാമർശിച്ചതും പിൽക്കാലത്ത് പ്രചാരലുപ്തവുമായ അറബി പദങ്ങളും പ്രയോഗങ്ങളും വിശകലനം ചെയ്യുന്ന വിജ്ഞാനശാഖ (ഇൽമു ഗരീബിൽ ഹദീസ്).

ഈ വിഷയത്തിൽ രചിക്കപ്പെട്ടവയിൽ ചിലത്:

1) ഗരീബുൽ ഹദീസ് (അബൂഉബൈദുൽ ഖാസിമി, മ. ഹി: 224)

2) അന്നിഹായ ഫീ ഗരീബിൽ ഹദീസി വൽ അഥർ (ഇബ്നുൽ അഥീർ, മ.ഹി: 606)

(vi). 'നാസിഖ്' (നിയമ പ്രാബല്യമുള്ളതും മറ്റൊന്നിന്റെ പ്രാബല്യം റദ്ദ് ചെയ്യുന്നതുമായ പ്രമാണം), 'മൻസൂഖ്' (നിയമ പ്രാബല്യം റദ്ദ് ചെയ്യപ്പെട്ടത്) എന്നിങ്ങനെ നിർണയിക്കാവുന്ന വിധം പരസ്പര വിരുദ്ധമായ ഹദീസുകളെ സംബന്ധിച്ച് ചർച്ചചെയ്യുന്ന വിജ്ഞാനശാഖ (ഇൽമു നാസിഖിൽ ഹദീസി വ മൻസൂഖുഹു)

ചില രചനകൾ: 1) അന്നാസിഖു വൽ മൻസൂഖ് (ഖതാദ സദൂസി, മ.ഹി: 118)

2) നാസിഖുൽ ഹദീസി വ മൻസൂഖുഹു (ഇബ്നു ശാഹീൻ, മ.ഹി: 385)

3) അൽ ഇഅ്തിബാറു ഫിന്നാസിഖി വൽ മൻസൂഖ് (അബൂബക്ർ ഹമദാനി, മ.ഹി: 584)

(vii). നിവേദകരുടെ ചരിത്രം വിശകലനം ചെയ്യുന്ന വിജ്ഞാനശാഖ (ഇൽമു താരീഖിർറുവാത്).

ഗ്രന്ഥങ്ങൾ: 1) അത്ത്വബഖാതുൽ കുബ്റാ (മുഹമ്മദുബ്നു സഅ്ദ്, മ.ഹി: 230)

2) അത്താരീഖുൽ കബീർ (ഇമാം ബുഖാരി, മ.ഹി: 256).

3) തഹ്ദീബുത്തഹ്ദീബ് (ഇബ്നു ഹജർ അസ്ഖലാനി, മ.ഹി: 852)

4) താരീഖു നൈസാബൂർ (മുഹമ്മദ് നൈസാബൂരി, മ. ഹി: 405)

5) താരീഖു ബഗ്ദാദ് (ഖത്തീബ് ബഗ്ദാദി, മ.ഹി: 462).

6) താരീഖ് ദിമശ്ഖ് (ഇബ്നു അസാകിർ ദിമശ്ഖി, മ. ഹി: 571).

(viii) നിവേദകരുടെ നാമങ്ങളെയും അപരനാമങ്ങളെയും കുറിച്ച വിജ്ഞാനശാഖ (ഇൽമുൽ അസ്മാഇ വൽകുനാ).

ഗ്രന്ഥങ്ങൾ: 1) അൽ അസാമീ വൽ കുനാ (അലി മദീനി മ.ഹി: 234).

2) അൽ കുനാ വൽഅസ്മാഅ് (മുഹമ്മദ് ദൂലാബി, മ.ഹി: 320).

3) അൽ മുഗ്തബഹ് ഫീ അസ്മാഇർരിജാൽ (ദഹബി, മ.ഹി: 748).

4) നുസ്ഹതുൽ അൽബാബ് ഫിൽഅൽഖാബ് (ഇബ്നു ഹജർ, മ.ഹി: 852).

ഉലൂമുൽ ഹദീസിന്റെ വ്യത്യസ്ത ശാഖകളിൽ വിരചിതമായ ഗ്രന്ഥങ്ങൾക്കു പുറമെ ഉലൂമുൽ ഹദീസിനെക്കുറിച്ച് പൊതുവായി ചർച്ച ചെയ്യുന്ന ഗ്രന്ഥങ്ങളും പൗരാണികരും സമകാലികരുമായ പണ്ഡിതന്മാർ രചിച്ചിട്ടുണ്ട്. ■